**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരുടെ തനതു സാംസ്കാരിക പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാരുടെ തനതു സാംസ്കാരിക പരിപാടികൾ, നാടൻ കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | പട്ടികവർഗ്ഗക്കാരുടെ തനതു സാംസ്കാരിക പരിപാടികൾ, നാടൻ കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഗദ്ദിക' എന്ന പേരിൽ പ്രദർശന വിപണനമേളകൾ നടത്തി വരുന്നുണ്ട്. ഗോത്രസമൂഹത്തിന്റെ പരമ്പരാഗത നൃത്തകലാരൂപങ്ങളും, പരമ്പരാഗത രുചിക്കൂട്ടുകളും പരമ്പരാഗത വൈദ്യ ചികിത്സാ രീതികളും അവതരിപ്പിക്കുന്നതിന് ഈ മേളകളിലൂടെ അവസരം നൽകുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ അന്തേവാസികളുടെ സംസ്ഥാനതല കലോത്സവമായ 'സർഗോത്സവത്തിൽ' പരമ്പരാഗത നൃത്തവും, പാട്ടുകളും മത്സര ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കിർത്താഡ്സും 'ആദികലാകേന്ദ്രം' മുഖേന പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. എറണാകുളം ട്രൈബൽ കോംപ്ലക്സ് പൂർണതോതിൽ പ്രവർത്തന ക്ഷമമാകുന്നതോടെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങൾക്ക് സ്ഥിരംവേദി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കോവിഡ് മൂലം തൊഴിലവസരം നഷ്ടപ്പെട്ട കലാകാരന്മാരെയും, പാരമ്പര്യ വൈദ്യൻമാരെയും സഹായിക്കുന്നതിനായി 2021-22വർഷത്തിൽ മിനിഗദ്ദികകൾ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നത് ഇവർക്ക് ഏറെ സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ